REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 24-08-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **ആദ്യത്തെ മനുഷ്യ ബഹിരാകാശ ദൗത്യത്തിന് രാജ്യം പൂർണമായും സജ്ജമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ്.**
- **നിയമസഭാ സ്പീക്കർമാരുടെ രണ്ട് ദിവസത്തെ അഖിലേന്ത്യാ സമ്മേളനത്തിന് ഡൽഹിയിൽ തുടക്കമായി.**
- **സംസ്ഥാനത്തെ കൈത്തറി മേഖല ഉയർച്ചയുടെ പാതയിലാണെന്ന് മന്ത്രി P രാജീവ്.**
- **അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ആരോഗ്യ വകുപ്പ് ജാഗ്രത ശക്തമാക്കി.**
- **കേരള ക്രിക്കറ്റ് ലീഗിൽ ഉച്ചകഴിഞ്ഞ് കാലിക്കറ്റ്, ട്രിവാൻഡ്രവുമായി മത്സരിക്കും.**

## വാർത്തകൾ വിശദമായി

ആദ്യത്തെ മനുഷ്യ ബഹിരാകാശ ദൗത്യത്തിന് രാജ്യം പൂർണമായും സജ്ജമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിംഗ് പറഞ്ഞു. ഇത് സാങ്കേതിക രംഗത്തെ ഒരു നേട്ടം മാത്രമല്ലെന്നും, സ്വാശ്രയ ഇന്ത്യയുടെ പുതിയ ദൗത്യമാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ അറിയിച്ചു. നാല് ബഹിരാകാശ യാത്രികരെ അഭിനന്ദിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗ്രൂപ്പ് ക്യാപ്റ്റന്മാരായ ശുഭാൻഷു ശുക്ല, പ്രശാന്ത് ബാലകൃഷ്ണൻ നായർ, അജിത് കൃഷ്ണൻ, അംഗദ് പ്രതാപ് എന്നിവരെയാണ് രാജ്യരക്ഷാ മന്ത്രി അഭിനന്ദിച്ചത്.

ബഹിരാകാശത്തേക്ക് ഉപഗ്രഹങ്ങൾ അയക്കുക മാത്രമല്ല രാജ്യത്തിന്റെ കഴിവെന്ന് ലോകത്തിന് കാണിച്ചു കൊടുക്കാൻ കഴിഞ്ഞെന്നും രാജ്നാഥ് സിംഗ് വ്യക്തമാക്കി. ബഹിരാകാശത്തെ ഗവേഷണ മേഖലയായി മാത്രമല്ല, ഇന്ത്യ കാണുന്നത്. മറിച്ച്

സമ്പദ് വ്യവസ്ഥ, സുരക്ഷ, ഊർജ്ജം, മനുഷ്യരാശിയുടെ ഭാവി എന്നിവയുടെ താക്കോലായാണ് കാണുന്നതെന്നും രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

✪✪✪

മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കുന്ന ഇന്ത്യൻ ദൗത്യമായ ഗഗൻയാനുമായി ബന്ധപ്പെട്ട നിർണായക പരീക്ഷണം ഇന്ന്. ഇന്റഗ്രേറ്റഡ് എയർ ഡ്രോപ്പ് ടെസ്റ്റ് എന്നറിയപ്പെടുന്ന പാരച്യൂട്ടിന്റെ പ്രവർത്തനമാണ് പരീക്ഷിക്കുന്നത്. ISRO, ഇന്ത്യൻ വ്യോമസേന, നാവിക സേന എന്നിവയുടെ നേതൃത്വത്തിൽ ശ്രീഹരിക്കോട്ടയിലാണ് പരീക്ഷണം.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

ഇന്റഗ്രേറ്റഡ് എയർ ഡ്രോപ്പ് ടെസ്റ്റ് എന്നറിയപ്പെടുന്ന ഈ പ്രക്രിയയിൽ, 4,000 മുതൽ -4500 കിലോ വരെ ഭാരം വഹിക്കുന്ന കാപ്സ്യൂളിന് സമാനമായ ഭാരം, 4 കിലോമീറ്റർ ഉയർത്തി പിന്നീട് കടലിലേക്ക് തിരിച്ചിറക്കുന്ന പരീക്ഷണമാണ് ഇത്. വ്യോമ സേനയുടെ IAF ബോയിങ്, CH-47 ചിനൂക്ക് ഹെവി-ലിഫ്റ്റ് ഹെലികോപ്റ്റർ ഉൾപ്പെടെ പരീക്ഷണത്തിൽ പങ്കെടുക്കും.

കാപ്സ്യൂൾ ഭൂമി ലക്ഷ്യമാക്കി പതിക്കുമ്പോൾ പാരച്യൂട്ടുകൾ ഉപയോഗിച്ച് വേഗം കുറയ്ക്കുന്ന പരീക്ഷണമാണ് നടത്തുക. കാലാവസ്ഥയും മറ്റ് സാങ്കേതിക സാഹചര്യങ്ങളും അനുകൂലമായാൽ ഇന്ന് തന്നെ പരീക്ഷണം നടത്തുമെന്നാണ് ISRO അറിയിച്ചത്.

✪✪✪

നിയമസഭാ സ്പീക്കർമാരുടെ രണ്ട് ദിവസത്തെ അഖിലേന്ത്യാ സമ്മേളനം ഡൽഹി നിയമസഭയിൽ ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. ഇന്ത്യയുടെ പാർലമെന്ററി സ്ഥാപനങ്ങളുടെ ചരിത്രം വ്യക്തമാക്കുന്ന അപൂർവ്വ രേഖകൾ, ഫോട്ടോ എന്നിവയുടെ പ്രത്യേക പ്രദർശനവും ആഭ്യന്തരമന്ത്രി ഉദ്ഘാടനം ചെയ്തു. നിയമ നിർമ്മാണത്തിലെ സുതാര്യത, കാര്യക്ഷമത, പ്രതികരണ ശേഷി എന്നിവ ശക്തിപ്പെടുത്തുകയാണ് സമ്മേളനം ലക്ഷ്യമിടുന്നത്.

കേന്ദ്ര നിയമസഭയുടെ സ്പീക്കറായി വിത്തൽഭായ് പട്ടേൽ ചുമതലയേറ്റതിന്റെ നൂറാം വാർഷികത്തിന്റെ സ്മരണയ്ക്കായാണ് സമ്മേളനം സംഘടിപ്പിച്ചത്. ചടങ്ങിൽ, വിത്തൽ ഭായ് പട്ടേലിന്റെ ജീവിതം പശ്ചാത്തലമാക്കിയ തപാൽ സ്റ്റാമ്പും അമിത്ഷാ പുറത്തിറക്കി.

29 സംസ്ഥാന നിയമസഭകളുടെ സ്പീക്കർമാരും ആറ് സംസ്ഥാനങ്ങളിലെ ലെജിസ്ലേറ്റീവ് കൗൺസിൽ ചെയർമാൻമാരും, വൈസ് ചെയർമാൻമാരുമാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്.

✪✪✪

ഫിജി പ്രധാനമന്ത്രി സിതിവേനി ലിഗമമഡ റബുക മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് ന്യൂഡൽഹിയിലെത്തി. മന്ത്രി രതു അറ്റോണിയോ ലാല ബലാവും, മുതിർന്ന ഉദ്യോഗസ്ഥരും അദ്ദേഹത്തോടൊപ്പമുണ്ട്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നാളെ അദ്ദേഹം, കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതി ദ്രൗപതി മുർമുവിനെയും ഫിജി പ്രധാനമന്ത്രി സന്ദർശിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ ജപ്പാൻ, ചൈന സന്ദർശനത്തിന് വെള്ളിയാഴ്ച തുടക്കമാകും. 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. പര്യടനത്തിന്റെ രണ്ടാം പാദത്തിൽ ഈ മാസം 31 മുതൽ അടുത്ത മാസം ഒന്നു വരെ പ്രധാനമന്ത്രി ചൈന സന്ദർശിക്കും.

✪✪✪

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിന് നാമനിർദേശ പത്രിക പിൻവലിക്കാൻ സമയപരിധി നാളെ അവസാനിക്കും. മഹാരാഷ്ട്ര ഗവർണർ CP രാധാകൃഷ്ണൻ NDA സ്ഥാനാർത്ഥിയും, മുൻ സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് B സുദർശൻ റെഡ്ഡി I.N.D.I. സഖ്യ സ്ഥാനാർത്ഥിയുമാണ്. അടുത്ത മാസം 9-നാണ് തിരഞ്ഞെടുപ്പ്.

✪✪✪

കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി നാലു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് അൾജീരിയയിലേക്ക് യാത്ര തിരിച്ചു. മുതിർന്ന അൾജീരിയൻ നേതാക്കളുമായി കൂടിക്കാഴ്ച നടത്തുന്ന അദ്ദേഹം പ്രമുഖ സൈനിക സ്ഥാപനങ്ങൾ സന്ദർശിക്കും. ഇന്ത്യ - അൾജീരിയ പ്രതിരോധ സുരക്ഷാ സഹകരണവും ഇടപെടലും ശക്തിപ്പെടുത്തുക, ആഗോള പ്രദേശിക സുരക്ഷാ വെല്ലുവിളികളിലെ കാഴ്ചപ്പാടുകൾ കൈമാറുക, രാജ്യരക്ഷാ വ്യാവസായിക സഹകരണം എന്നിവയാണ് സന്ദർശനത്തിന്റെ ലക്ഷ്യം.

✪✪✪

സംസ്ഥാനത്തെ കൈത്തറി മേഖല ഉയർച്ചയുടെ പാതയിലാണെന്ന് മന്ത്രി P രാജീവ് പറഞ്ഞു. സമീപ കാലങ്ങളിൽ കൈത്തറി വസ്ത്രങ്ങൾ മികച്ച ഡിസൈനുകളുമായാണ് പുറത്തിറങ്ങുന്നതെന്നും, പുതുതലമുറയുടെ അഭിരുചിയ്ക്കനുസരിച്ചാണ് വസ്ത്രങ്ങൾ തയ്യാറാക്കുന്നതെന്നും അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു. കൈത്തറി വസ്ത്രങ്ങളോടൊപ്പം ഈ വർഷത്തെ ഓണത്തെ വരവേൽക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

✪✪✪

സംസ്ഥാനത്തെ AAY റേഷൻകാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും സംസ്ഥാന ഗവൺമെന്റ് നൽകുന്ന സൗജന്യ ഓണക്കിറ്റ്

വിതരണത്തിന് മറ്റന്നാൾ തുടക്കമാകും. മന്ത്രി GR അനിൽ തിരുവനന്തപുരത്ത് സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും.

✪✪✪

ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ വാർഷിക മസ്റ്ററിങ്ങിന് സമയപരിധി അടുത്തമാസം 10 വരെ നീട്ടിയതായി  മന്ത്രി KN ബാലഗോപാൽ പറഞ്ഞു.  അക്ഷയ കേന്ദ്രങ്ങൾ വഴി സാമൂഹ്യ സുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിങ്ങ് നടത്താനാകും.

✪✪✪

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ആരോഗ്യ വകുപ്പ് ജാഗ്രത ശക്തമാക്കി. വയനാട് സുൽത്താൻ ബത്തേരി സ്വദേശിയായ ഒരാൾക്ക് കൂടി  രോഗം സ്ഥിരീകരിച്ച സാഹചര്യത്തിലാണ് നടപടി. നിലവിൽ ഏഴ് പേരാണ് രോഗം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ  ചികിത്സയിൽ കഴിയുന്നത്.

✪✪✪

കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ ഗ്രൗണ്ട് ഫ്ളോർ, ഒന്നാം നില എന്നിവ  വൈകിട്ട് മുതൽ തുറന്ന് പ്രവർത്തിക്കും. MRI, CT തുടങ്ങി സേവനങ്ങളും ഈ ബ്ലോക്കിൽ ലഭ്യമാക്കുന്നതാണ്. ബുധനാഴ്ച രണ്ട്, മൂന്ന്, നാല് നിലകളിലെ വാർഡുകളും ന്യൂറോ സർജറി തീവ്ര പരിചരണ വിഭാഗവും തുറന്ന് പ്രവർത്തിക്കും.

MRI റൂമിൽ പുക ഉയർന്നതിനെ തുടർന്നാണ് മെയ് രണ്ട് മുതൽ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്   അടച്ചിട്ടത്.

✪✪✪

കനത്ത മഴയും മണ്ണിടിച്ചിലുമുണ്ടായ ഉത്തരാഖണ്ഡ് ചമോലി ജില്ലയിലെ തരാലിയിൽ രക്ഷാപ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടരുന്നു. ദുരിത ബാധിത പ്രദേശങ്ങളിൽ നിന്ന് 150 ലധികം ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചു. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്കും, വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്കും അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം നൽകാനും മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു.  ദുരന്ത നിവാരണ പ്രവർത്തനങ്ങൾ അദ്ദേഹം അവലോകനം ചെയ്തു.

✪✪✪

സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ ഇന്ന് കേര വെളിച്ചെണ്ണ ലിറ്ററിന് 445 രൂപ നിരക്കിൽ ലഭിക്കും. ഒരു ദിവസത്തേക്ക് മാത്രം നൽകുന്ന പ്രത്യേക വിലക്കുറവാണ് ഇത്.

സപ്ലൈകോ ശബരി ബ്രാൻഡിലെ വെളിച്ചെണ്ണ സബ്സിഡി നിരക്കിൽ 349 രൂപയ്ക്കും, സബ്സിഡി ഇതര നിരക്കിൽ 429 രൂപയ്ക്കും നിലവിൽ നൽകുന്നുണ്ട്.

✪✪✪

സപ്ലൈക്കോ വഴി നടപ്പാക്കുന്ന നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി ഒന്നാം വിള സീസണിലെ കർഷക രജിസ്ട്രേഷൻ ചൊവ്വാഴ്ച ആരംഭിക്കും. സപ്ലൈക്കോയുടെ വെബ്സൈറ്റ് വഴി രജിസ്ട്രേഷൻ നടത്താം.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് കാലിക്കറ്റ്, ട്രിവാൻഡ്രവുമായി മത്സരിക്കും. വൈകിട്ട് 6.45 ന് കൊച്ചി, കൊല്ലത്തെ നേരിടും.

✪✪✪

ഇന്ത്യൻ ബാറ്റ്സ്മാൻ ചേതേശ്വർ പൂജാര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു. ഒരു ദശാബ്ദത്തിലേറെ രാജ്യത്തിനു വേണ്ടി കളിച്ച 37 കാരനായ ചേതേശ്വർ, 2010 ലാണ് അരങ്ങേറ്റം കുറിച്ചത്. ഇന്ത്യക്കായി അദ്ദേഹം 103 ടെസ്റ്റുകളും, അഞ്ച് ഏകദിനങ്ങളും കളിച്ചിട്ടുണ്ട്. 2023 ജൂണിൽ ഓവലിൽ ഓസ്ട്രേലിയക്കെതിരെ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിലാണ് ചേതേശ്വർ അവസാനമായി കളിച്ചത്.

✪✪✪

145-ാമത് US ഓപ്പൺ ടെന്നീസ് ചാമ്പ്യൻഷിപ്പിന് ഇന്ന് ന്യൂയോർക്കിൽ തുടക്കമാകും. പുരുഷ വിഭാഗം സിംഗിൾസിൽ ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ ജാന്നിക് സിന്നർ, സ്പെയിനിന്റെ രണ്ടാം നമ്പർ താരം കാർലോസ് അൽകാരസ്, നാല് തവണ US ഓപ്പൺ ജേതാവായ നൊവാക് ജോക്കോവിച്ച്, ജർമ്മനിയുടെ അലക്സാണ്ടർ സ്വെരേവ് തുടങ്ങിയവർ ചാമ്പ്യൻഷിപ്പിൽ മാറ്റുരക്കും.

ഇന്ന് ആദ്യ റൗണ്ട് മത്സരത്തിൽ പുരുഷ സിംഗിൾസിൽ ബെൻ ഷെൽട്ടൻ, ഇഗ്നാസിയോ ബ്യൂസിനെ നേരിടും.

✪✪✪

കസാക്കിസ്ഥാനിൽ 16-ാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ 10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീം ഇനത്തിൽ മെഹുലി ഘോഷ് - രുദ്രാങ്ക്ഷ് പാട്ടീൽ സഖ്യം വെള്ളി നേടി. ടൂർണമെന്റിൽ 23 സ്വർണ്ണവും എട്ട് വെള്ളിയും 10 വെങ്കലവും അടക്കം 41 മെഡലുകളുമായി ഇന്ത്യ പട്ടികയിൽ ഒന്നാം സ്ഥാനത്ത് തുടരുന്നു.

✪✪✪

കാനഡയിൽ ലോക അണ്ടർ 21 വനിതാ യൂത്ത് അമ്പെയ്ത്ത് ചാമ്പ്യൻഷിപ്പ് വ്യക്തിഗത ഇനത്തിൽ ഇന്ത്യൻ താരം ചികിത താനിപർത്തി കിരീടം നേടി. കൊറിയൻ താരത്തെ തോൽപ്പിച്ചാണ് ചാമ്പ്യൻഷിപ്പ് നേടുന്ന ആദ്യ ഇന്ത്യൻ വനിതയായി ചികിത താനിപർത്തി മാറിയത്.

✪✪✪

ജാമ്യത്തിലിറങ്ങി കോടതിയിൽ ഹാജരാകാതെ  ഒളിവിൽ കഴിയുകയായിരുന്ന സ്കൂട്ടർ മോഷണ കേസ്സിലെ പ്രതി പിടിയിലായി. കാരപ്പറമ്പ് സ്വദേശി നിധീഷിനെയാണ്  ചേവായൂർ പൊലീസ് പിടികൂടിയത്.

✪✪✪

തൃശൂർ പാലപ്പിള്ളി കുണ്ടായി ജനവാസ മേഖലയിൽ വീണ്ടും പുലിയിറങ്ങി പശുക്കിടാവിനെ കൊന്നു. കൊല്ലേരിയിൽ ഇന്നലെ രാത്രിയാണ് സംഭവം.

✪✪✪

24 മണിക്കൂറിനകം ഉക്രൈന്റെ 160 ഡ്രോണുകൾ വെടിവെച്ചിട്ടതായി റഷ്യ. രാജ്യത്തിന്റെ പടിഞ്ഞാറൻ അതിർത്തിക്ക് മുകളിലൂടെ പറന്ന 33 ഡ്രോണുകളെ വ്യോമ പ്രതിരോധ സംവിധാനങ്ങൾ ഉപയോഗിച്ച് തടഞ്ഞതായും റഷ്യ അറിയിച്ചു.

✪✪✪

---

*News Editor:  വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*NEWS TEAM: അനഘ ടി ആർ*
*DEO:  ഷീബ*